6. അനുബന്ധ സേവനങ്ങൾ

ഫോറം:-3

2: മുൻകാല മാതൃകാ/വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : മാറനല്ലൂർ

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : സാമൂഹിക നീതി

ക്രമ നമ്പർ	മേഖല/ഉപമേഖല	പ്രോജക്ടിന്റെ പേര്	GEN/SCS/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ തുടങ്ങിയവ
1	സേവനം	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ് ബത്ത നൽകൽ	GEN	108300	സ്കോളർഷിപ്പ് ലഭ്യത ഉറപ്പാക്കുക	തുക ലഭ്യമായി	തുക ലഭ്യമായി

1	സേവനം	സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്	**GEN**	2707500	സ്കോളർഷിപ്പ് ലഭ്യത ഉറപ്പാക്കുക	തുക ലഭ്യമായി	തുക ലഭ്യമായി
	സേവനം	വൃദ്ധർക്ക് കട്ടിൽ	**GEN**	911250	വൃദ്ധർക്ക് കട്ടിൽ ഉറപ്പാക്കുക	തുക ലഭ്യമായി	തുക ലഭ്യമായി
	സേവനം	അതിദരിദ്രരുടെ മൈക്രോപ്ലാൻ - ഭക്ഷണം നൽകല്	**GEN**	15411	വൃദ്ധർക്ക് കട്ടിൽ ഉറപ്പാക്കുക	തുക ലഭ്യമായി	തുക ലഭ്യമായി
	സേവനം	പകൽ വീടിന് അടിസ്ഥാന സൌകര്യം ഒരുക്കൽ	**GEN**	353181	വൃദ്ധർക്ക് കട്ടിൽ ഉറപ്പാക്കുക	തുക ലഭ്യമായി	തുക ലഭ്യമായി

3: പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാറനല്ലൂർ **വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:** സാമൂഹിക നീതി

ക്രമ നമ്പർ	മേഖല/ ഉപമേഖല	പ്രോജക്ടിന്റെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം)	ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ/നിഗമനങ്ങൾ	കൂടുതല് പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ
			Nil					

ഭാഗം 4: 2025-26 സാമ്പത്തിക വർഷംനടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:. സാമൂഹിക നീതി

Project No	Project Name Mal	Project Name Eng	Project Type	Project Category	State Sponsored Scheme	FundTotal	Expenditure	Balance	Status
7	വാതിൽപ്പടി സേവനം	DOOR TO DOOR SERVICE	New	ജനറൽ	Nil	50000	0		Ongoing
17	അതിദരിദ്രരുടെ മൈക്രോപ്ലാൻ - ഭക്ഷണം നൽകൽ	EPIP PROGRAMME - FOOD EXPENSE	New	ജനറൽ	Nil	150000	37927		Ongoing
19	പാഥേയം	PADHEYAM	New	ജനറൽ	Nil	112320	0		Ongoing
20	പാഥേയം എസ്സി	PADHEYAM SCP	New	എസ്സ്.സ്സി.പി	Nil	103680	0		Ongoing
28	ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ	Scholarship allowances for physically disabled students	New	ജനറൽ	Nil	200000	65000		Ongoing
29	ഭിന്നശേഷി കുട്ടികളുടെ കലാകായിക മേള	Arts Sports competition	New	ജനറൽ	Nil	75000	71201		completed

30	സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	Snehasparsham - scholarship for mentally challanged	New	ജനറൽ	Nil	2934000	921600		Ongoing
68	സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും - ജ്വാല	Integrated development and security for women - Jwala	New	ജനറൽ	Nil	946000	681400		Ongoing
72	ഐസിഡിഎസ് സൂപ്പർവൈസറുടെ ചുമതലയിലുള്ള സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകള്	Contingent expense for the offices under ICDS Supervisor	New	ജനറൽ	Nil	150000	123337		Ongoing
76	വൃദ്ധർക്ക് കട്ടിൽ	Bed for aged	New	ജനറൽ	Nil	911250	850500		completed
89	ശൈശവ വിവാഹത്തിന് എതിരായ ബോധവത്കരണ തെരുവ് നാടകം	Street play on prevention of early marriage	New	ജനറൽ	Nil	10000	0		Ongoing
90	പിഎംജെഎവൈ പദ്ധതി കുട്ടികളുടെ ആരോഗ്യം എന്നിവയെക്കുറിച്ചുള്ള അവബോധത്തിനായി ചുവർ ചിത്രങ്ങൾ	PMJAY Project Wall painting of awareness of Child health	New	ജനറൽ	Nil	10000	0		Ongoing
117	വൃദ്ധർക്ക് കട്ടിൽ-എസ് സി	Bed for Aged-S C	New	എസ്സ്.സ്സി.പി	Nil	913500	216500		Ongoing
162	വയോജന ദിനാഘോഷം	Senior Citizens Day	New	ജനറൽ	Nil	50000	50000		completed

184	കുട്ടികളുടെ ഗ്രാമസഭ	Gramasabha for Children	New	ജനറൽ	Nil	10000	0		Ongoing
247	മാറനല്ലൂർ വൃദ്ധസദനം അടിസ്ഥാന സൗകര്യമൊരുക്കാൻ	Providing basic facilities to Old Age Home Maranalloor	SO	ജനറൽ	Nil	945000	460789		Ongoing
282	ജ്വാലാ ഹബ്ബ് - ജൻഡർ റിസോഴ്സ് സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ	Jwala Hub - Gender Resource Centre basic facilities	SO	ജനറൽ	Nil	905274	895274		completed
367	സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി	Training for SPC Students	New	ജനറൽ	Nil	155000	0		Ongoing
381	ജ്വാല ഫിറ്റ്നസ് സെൻററിലെ ട്രെനർ ഓണറേറിയം നൽകൽ	Honorarium for Jwala fitness centre Welness centre trainer	New	ജനറൽ	Nil	75000	60000		Ongoing

ഭാഗം 3 – വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാര സാദ്ധ്യതകൾ

ഫോറം:–6

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമനമ്പർ	മേഖല/ ഉപമേഖല	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ			
				ലഘു	ഗുരു തരം	അതീവ ഗുരുതരം		സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
								ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ	ഇതര തദ്ദേശ സ്വയം ഭരണ തലത്തിൽ	സർക്കാർ തലത്തിൽ	സർക്കാർ ഇതര തലത്തിൽ

1.	സേവനം	ഭിന്നശേഷിക്കാരുടെ Physical, Mental, vocational പരമായ വികസനം	ഭിന്നശേഷിക്കാർ		✓		അവരുടെ Treatment, Transportation, Treatment cost accessibility	Therapy centre ഒരുക്കുക		ആവശ്യമായ ഫണ്ട് ലഭ്യത	Technical support for stating therapy centre

സ്റ്റാറ്റസ് റിപ്പോർട്ട്

ഫോറം:-7

ഭാഗം 4 : വികസന പരിപ്രേക്ഷ്യം

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:. സാമൂഹിക നീതി

ക്രമ നമ്പർ	മേഖല/ ഉപമേഖല	പരിപ്രേക്ഷ്യം (വികസന	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ദീർഘകാല ലക്ഷ്യം	പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം	പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്

		ലക്ഷ്യം)			(2032-ലെ ലക്ഷ്യം)		ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1	സേവനം	ഭിന്നശേഷിക്കാരുടെ Holistic development	Therapy facilities	Facilities ലഭ്യമല്ല Infrastructure Facilities, therapists	Holistic development	Therapy കൊടുക്കുന്നതിലൂടെ അവരുടെ disability Percentage കുറയ്ക്കുക	Therapy centre with most modern facilities

ഭാഗം 5 – സംയോജന സാദ്ധ്യതകൾ

1984–ൽ ഐ.സി.ഡി.എസ് പദ്ധതി രൂപീകൃതമായപ്പോൾ തന്നെ നേമം ബ്ലോക്കിനുകീഴിൽ മാറനല്ലൂർ പഞ്ചായത്തിലും ഐ.സി.ഡി.എസ് നിലവിൽ വന്നു. അതിനു മുമ്പ് പ്രവർത്തിച്ചിരുന്ന ബാലവാടികൾ ആണ് സ്ത്രീകളുടെയും കുട്ടികളുടെയും സേവനങ്ങൾ നൽകികൊണ്ടിരുന്നത്. ഫീഡിംഗ് സെന്റർ തൊഴിൽ നൈപുണ്യ കേന്ദ്രം എന്നിവയാണ് ബാലവാടിയിൽ കേന്ദ്രീകരിച്ചിരുന്ന പ്രവർത്തനങ്ങൾ ഐ.സി.ഡി.എസ് നിലവിൽ വന്ന ശേഷം ബാലവാടികളെ അങ്കണവാടികളായി അപ്ഗ്രേഡ് ചെയ്തു. പ്രാരംഭത്തിൽ 17 അങ്കണവാടികളായിരുന്നു മാറനല്ലൂർ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പിന്നീട് ജനസംഖ്യാനുപാതികമായി കാലാകാലങ്ങളിൽ അങ്കണവാടികളുടെ ആവശ്യകത വർദ്ധിക്കുകയും അപ്രകാരം നിലവിലുള്ള 41 അങ്കണവാടികൾ എന്ന നിലയിലേയ്ക്ക് എത്തിചേരുകയും ചെയ്തു.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 41 അങ്കണവാടികളിൽ 23 എണ്ണം സ്വന്തം കെട്ടിടത്തിലും, 17 എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം വാടക രഹിതമായും പ്രവർത്തിച്ചു വരുന്നു. സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമാകാത്തതുമായ 3 സെന്ററുകളുണ്ട്. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിനും നടത്തിപ്പിലും ഏകോപനം സൃഷ്ടിച്ച് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിൽ പഞ്ചായത്ത് അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്.

ശിശുകേന്ദ്രിത വികസനത്തോടൊപ്പം ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, 18–നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ എന്നിവർക്കും അനുപൂരക പോഷകാഹാരം, ആരോഗ്യപരിശോധന, പരാമർശ സേവനം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നിവ ലഭിക്കുന്നുണ്ടെന്നുറപ്പു വരുത്തുകയും ചെയ്യുന്നു.

പ്രീ–സ്കൂൾ കുട്ടികൾ, കൗമാര പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ സമഗ്രമായ ഉന്നമനത്തിനു പോഷകക്കുറവ് പരിഹരിക്കുന്നതിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അങ്കണവാടി മുഖേന അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു.

കേന്ദ്ര–ശിശുവികസന വകുപ്പിനു കീഴിലുള്ള നാഷണൽ ന്യൂട്രീഷൻ മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമ്പുഷ്ട കേരളം. പോഷണ കുറവില്ലാത്ത ഒരു കേരളമാണ് ഇതിലൂടെ ഐ.സി.ഡി.എസ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ കീഴിൽ അങ്കണവാടികൾ മുഖേന breast freeding day,

ദമ്പതിസംഗമം, വർണ്ണസംഗമം, സീമന്ത സംഗമം, കുഞ്ഞൂണ് തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

കൂടാതെ പ്രധാനമന്ത്രി മാതൃവന്ദനായോജന(PMMVY), JSY തുടങ്ങിയ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്കു സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി utensils, furniture, toys, baby bed എന്നിവ പഞ്ചായത്തിൽ പദ്ധതികൾ വച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് സജീവമായ ഇടപെടലുകൾ സന്നദ്ധ പ്രവർത്തകർ നടത്തുന്നുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് സജീവമായി ജനപ്രതിനിധികൾ ഉൾപ്പടെയുള്ള സന്നദ്ധ പ്രവർത്തകർ ഇടപെടുന്നു.

ക്ഷേമപെൻഷനുകൾക്ക് യോഗ്യതയുള്ളവരെ കണ്ടെത്തി ശരിയായ സമയത്ത് അവരിലേയ്ക്കെത്തിക്കുന്നു. വാർദ്ധക്യകാലത്ത് അവശരും അസശരണരും ആയവർക്ക് കൂടുതൽ സംരക്ഷണം നൽകുന്ന സംരംഭങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. റീക്രീയേഷൻ സൗകര്യങ്ങൾ ആരോഗ്യം സംരക്ഷിക്കുന്ന ജിംനേഷ്യം, ന്യൂട്രീഷൻ ക്ലിനിക്കുകൾ തുടങ്ങിയവ ആരംഭിക്കുന്നതും ഉചിതമായിരിക്കും.

അങ്കണവാടി പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ, അറ്റകുറ്റപണികൾ ചെയ്യൽ, മോടിപിടിപ്പിക്കൽ, ടെലിവിഷൻ സ്ഥാപിക്കൽ തുടങ്ങിയവ ചെയ്തുവരുന്നു. പഞ്ചായത്തിലെ ഒരു അങ്കണവാടിയെ എങ്കിലും പ്രാരംഭഘട്ടത്തിൽ സ്മാർട്ട് അങ്കണവാടി ആക്കേണ്ടതായുണ്ട്.

ഭിന്നലിംഗത്തിൽ പെട്ടവർക്കായി സർവ്വേ നടത്തി അവരുടെ ആവശ്യങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതായുണ്ട്.

ഭിന്നശേഷിയുള്ളവർക്ക് കൂടുതൽ പ്രയോജനം ചെയ്യുന്ന തരത്തിലുള്ള ആധുനിക റീക്രിയേഷൻ സെന്ററുകൾ തുടങ്ങുകയും ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്യണം.

ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അക്ഷീണമായ പ്രയത്നം കൊണ്ട് പല സാമൂഹ്യ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ശക്തമായ ഇടപെടലുകൾ ഇപ്പോഴും നടക്കുന്നു. എങ്കിലും സാമൂഹ്യക്ഷേമ-സൗഹൃദപരമായ ഒരു സമൂഹം പടുത്തുയർത്തുന്നതിലേയ്ക്കായി ഇനിയും ചുവടുകൾ ഏറെയുണ്ട്.

പട്ടികജാതി /
പട്ടികവർഗ്ഗ വികസനം

ഉള്ളടക്കം

ക്രമ നമ്പർ	വിശദാംശങ്ങൾ
1	ആമുഖം
2	ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ
3	ഭാഗം 1 –1996–ലെ അവസ്ഥയും നിലവിലെ അവസ്ഥയും
4	ഭാഗം 2 – ഇരുപത്തഞ്ച് വർഷത്തെ വിലയിരുത്തൽ
5	ഭാഗം 3 – വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാര സാദ്ധ്യതകൾ
5	ഭാഗം 4 – വികസന പരിപ്രേക്ഷ്യം
6	ഭാഗം 5 – സംയോജന സാദ്ധ്യതകൾ

ആമുഖം

2011 സെൻസസ് പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതിക്കാരായി 5458 പേരുണ്ട്. 22 അംഗീകൃത പട്ടികജാതി കോളനികളും, നിരവധി സങ്കേതങ്ങളുമുണ്ട്. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയവർ വിരളമാണ്. ഇവരിൽ 80% സ്ത്രീ പുരുഷന്മാരും കൂലിപ്പണി ആശ്രയിച്ചു കഴിയുന്നവരാണ്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടവയല്ല. ചെറു കോൺക്രീറ്റ് റോഡുകളാണ് അധികവും ഉള്ളത് എല്ലാ സങ്കേതങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കുന്നതിലേക്ക് പൈപ്പ് ലൈൻ ലഭ്യമല്ലാത്ത കോളനികളിലേക്ക് ശുദ്ധജല വിതരണ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, ഹൗസ് കണക്ഷൻ നൽകൽ, കുടിവെള്ള കിണർ നിർമ്മാണത്തിന് സബ്സിഡി, ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം, വീട് വയറിംഗ് തുടങ്ങിയ പദ്ധതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കി എന്നാൽ വിദ്യാഭ്യാസ മേഖലകളിൽ മികച്ച മുന്നേറ്റം നടത്തുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമല്ല.

നടപ്പ് വാർഷിക പദ്ധതിയിൽ ഹൈസ്കൂൾ ക്ലാസുകളിലെ 60 –ൽ പരം കുട്ടികൾക്ക് മേശയും കസേരയും നൽകുന്നതിനും ഉന്നത വിദ്യാഭ്യാസം നടത്തുന്ന 42 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഭവന പുനരുദ്ധാരണത്തിനും കോളനികളിലെ റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

2011 സെൻസസ് പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗക്കാരായി 130 പേരുണ്ട്. പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗ സങ്കേതം കരിങ്ങൽ വാർഡിലാണ് ഉള്ളത്. വിദ്യാഭ്യാസത്തിനും, കലാ–കായിക സാംസ്കാരിക മേഖലയിലും പിന്നോക്കം നിൽക്കുന്ന ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരത്തക്ക രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമം ആക്കേണ്ടതുണ്ട്. ഇവരുടെ ഉന്നമനത്തിനായി ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നു. നടപ്പ് വാർഷിക പദ്ധതിയിൽ കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. അടുത്ത പദ്ധതിയിൽ വിദ്യാഭ്യാസ സഹായം നൽകുക, പഠനോപകരണങ്ങൾ നൽകുക എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്.

1. ആസൂത്രണസമിതി , വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് 04.02.2026-ലെ 1(1) നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ താഴെ പറയുന്നു.



ഫോറം: 1

പതിനാലാം പഞ്ചവത്സരപദ്ധതി (2022–27)

ഭരണസമിതി അംഗീകരിച്ച ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

ഭരണസമിതി തീരുമാന നമ്പരും തീയതിയും : 1 (1), 04.02.2026

ക്രമനം	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപ്പെടുന്ന വിഭാഗം	സ്ത്രീ/ പുരുഷൻ	എസ്.സി / എസ്.റ്റി/ മറ്റുള്ളവ	വൈദഗദ്ധ്യം/ പരിചയ മേഖല	തൊഴിൽ
1	എ.സുരേഷ് കുമാർ, പ്രസിഡന്റ് മാറനല്ലൂർ ഗ്രാമപഞ്ചായത്ത്	9496040650	അദ്ധ്യക്ഷൻ	തദ്ദേശസ്വയംഭരണ അദ്ധ്യക്ഷൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
2	കെ.സുധർമ്മൻ, ചിത്തിര, തൂങ്ങാംപാറ, കണ്ടല പി.ഒ	9496814330	ഉപാദ്ധ്യക്ഷൻ	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
3	ഡീനാകുമാരി.കെ.എസ്, സന്തോഷ് ഭവൻ, മുടന്തിക്കര, കൂവളശ്ശേരി പി.ഒ	9020602309	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
4	എ.ആർ.സുധീർഖാൻ, ദിയാന, ശാന്തിനഗർ, മാറനല്ലൂർ, കൂവളശ്ശേരി പി.ഒ	7994333396	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
5	എസ്. ഠപ്രമവ്നി, പുതുശ്ശേരി, കിഴക്കിൻകര പുത്തൻവീട്, റസ്സർപുരം പി.ഒ	9072918991	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം

6	ആന്റോ.വി, മനുവേൽ ഭവൻ, മേലാരിയോട്, കൂവളശ്ശേരി പി.ഒ	9388553167	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
7	ജയകുമാർ, ജയഭവൻ, ശാന്തിനഗർ, കൂവളശ്ശേരി പി.ഒ	9447862548	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	റിട്ട. സർക്കാർ ജീവനക്കാരൻ
8	മണികണ്ഠൻ നായർ ഗോകുലം	9496774658	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
9	അജികുമാർ	9567569087	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
10	നക്കോട് അരുൺ, കുറുക്കണ്ണാവൂർ കിഴക്കുംകര പുത്തൻവീട് പെരുമ്പഴുതൂർ. പി.ഒ	9995213463	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
11	സജികുമാർ, പൂമുഖത്ത് വീട്, ഊരുട്ടമ്പലം പി.ഒ	9201809490	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
12	ജി.ജനാർദ്ദനൻ നായർ, മുകളോട്ട് വീട്, കൂവളശ്ശേരി, കൂവളശ്ശേരി പി.ഒ	9048535916	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	കൃഷിയും, മൃഗസംരക്ഷണ മേഖല	ജനസേവനം
13	സെക്രട്ടറി മാറനല്ലൂർ ഗ്രാമപഞ്ചായത്ത്	9496040651	കൺവീനർ	സെക്രട്ടറി	പുരുഷൻ	മറ്റുള്ളവ	സർക്കാർ ജീവനം	സർക്കാർ ജീവനം

പതിനാലാം പഞ്ചവത്സരപദ്ധതി (2022–27)

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : പട്ടികജാതി / പട്ടികവർഗ്ഗ വികസനം

ക്രമ നം	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	സ്ത്രീ/പുരുഷൻ	നിലവിൽ വർക്കിംഗ് ഗ്രൂപ്പ് അംഗമാണോ	വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം	വൈദഗദ്ധ്യം/ പരിചയ മേഖല
1	രമ എസ് എസ് ആർ നിവാസ്, കിളിക്കോട്ടുകോണം, ഊരുട്ടമ്പലം പി ഒ	7034593903	പുരുഷൻ	അതെ	ചെയർപേഴ്സൺ	പഞ്ചായത്ത് മെമ്പർ
2	നീതു എസ് ജി എസ് സി പ്രമോട്ടർ	9846926575	പുരുഷൻ	അതെ	അംഗം	എസ് സി പ്രമോട്ടർ
3	നന്നുകുമാരി, കടുക്കറത്തല പുത്തൻ വീട്, മണ്ണടിക്കോണം	8129754670	സ്ത്രീ	അതെ	അംഗം	എ ഡി എസ്

4	നിഷ എസ് സുരേന്ദ്രൻ, തോട്ടരികത്ത് പുത്തൻ വീട്, മഞ്ഞറമൂല, റസ്സൽപുരം പി ഒ	8606385637	സ്ത്രീ	അതെ	അംഗം	തൊഴിലുറപ്പ്
5	പ്രേമ.കെ, ആയില്ല്യം പാപ്പാകോട്, കോട്ടമുകൾ, ഊരുട്ടമ്പലം	9746374385	സ്ത്രീ	അതെ	അംഗം	സാക്ഷരത പ്രേരക
6	റീജ ബി, ലക്ഷം വീട് കോളനി, മഞ്ഞറമൂല	8281682878	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
7	ശാലിനി.എൽ.ഡി, നെടുംപാറവീട്, കോടന്നൂർ, കൂവളശ്ശേരി പി.ഒ	8606258179	സ്ത്രീ	അതെ	അംഗം	പൊതുപ്രവർത്തനം
8	സിന്ധു, നെടുംപാറ റോഡരികത്ത് വീട്, കോടന്നൂർ, കൂവളശ്ശേരി പി.ഒ		സ്ത്രീ	അതെ	അംഗം	പൊതുപ്രവർത്തനം
9	ഗീത.പി, അംഗൻവാടി നമ്പർ 64 മണ്ണടിക്കോണം	9946403229	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
10	സന്ധ്യ എൽ, അവിട്ടം, പമ്മംതലയ്ക്കൽ, മഞ്ഞറമൂല, റസ്സൽപുരം പി ഒ	9562787887	സ്ത്രീ	അതെ	അംഗം	പൊതുപ്രവർത്തനം

11	പ്രൊമോട്ടർ	9747877190	സ്ത്രീ	അതെ	അംഗം	എസ്.റ്റി പ്രൊമോട്ടർ
12	രവീന്ദ്രൻ, കൊറ്റംപള്ളി, കണ്ടല പി.ഒ	9446966585	പുരുഷൻ	അതെ	അംഗം	എസ്.സി പ്രൊമോട്ടർ
13	അസിസ്റ്റന്റ് സെക്രട്ടറി, മാറനല്ലൂർ ഗ്രാമപഞ്ചായത്ത്	9745202384	സ്ത്രീ	അതെ	കൺവീനർ	സർക്കാർ ജീവനം

1 : പട്ടികജാതി വികസനം – അവസ്ഥാ വിശകലനം

ഫോറം 1.1 : അടിസ്ഥാന വിവരങ്ങൾ

1.1.1 പട്ടികജാതി ജനസംഖ്യ

വിഭാഗം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
എണ്ണം 5533	2850	2683	5533

1.1.2 ജനസംഖ്യാ വിന്യാസം

വിഭാഗം	സങ്കേതങ്ങളിൽ		ഒറ്റപ്പെട്ടത്		ആകെ	
	കുടുംബങ്ങൾ	ജനസംഖ്യ	കുടുംബങ്ങൾ	ജനസംഖ്യ	കുടുംബങ്ങൾ	ജനസംഖ്യ
എണ്ണം	148	586	–	–	–	–

1.1.3 ഉപ കുടുംബങ്ങൾ

വിഭാഗം	സങ്കേതങ്ങളിൽ	ഒറ്റപ്പെട്ടത്	ആകെ
എണ്ണം	65	–	65

1.1.4 സങ്കേതങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശം

പ്രദേശം	വനത്തിൽ	പുറമ്പോക്ക്		മറ്റ് പ്രദേശം	ആകെ (എണ്ണം)
		റയിൽവെ	റവന്യൂ		
സങ്കേതങ്ങൾ	–	–	ചാനൽക്കര		
കുടുംബങ്ങൾ	–	–	കാട്ടുവിള ചാനൽക്കര കോളനി	96	96
ജനസംഖ്യ	–	–		384	384

1.1.5 പട്ടികജാതി സമുദായങ്ങൾ

ക്രമ നമ്പർ	സമുദായം (പേര്)	കുടുംബങ്ങൾ	ജനസംഖ്യ
1.	ചേരമർ	648	2938
2.	അയ്യനവർ	408	868
3.	സാംബവർ	95	418
4.	ചക്ലിയൻ	1	1
5.	പുലയർ	56	239
6	പരവർ	36	168

7	തണ്ടാർ	25	126
ആകെ	X	1269	4758

1.1.6 ജനസംഖ്യാ ഘടന – വയസ്സിന്റെ അടിസ്ഥാനത്തിൽ

വയസ്സ്	<05	6-14	15-21	22-29	30-34	45-99	>60	ആകെ
ജനസംഖ്യ	297	846	1406	950	808	806	420	5533

1.1.7 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ

വിഭാഗം	സങ്കേതങ്ങളിൽ	ഒറ്റപ്പെട്ടത്	ആകെ
ഭൂരഹിത കുടുംബങ്ങൾ	204	–	204
ഭവനരഹിത കുടുംബങ്ങൾ	426	–	426

1.1.8 കൈവശ ഭൂമി

കൈവശ ഭൂമി (ആകെ സെന്റ്	കുടുംബത്തിന്		വ്യക്തിക്ക്	
	ആകെ കുടുംബങ്ങൾ	ശരാശരി ഭൂമി (സെന്റ്)	ജനസംഖ്യ	ശരാശരി ഭൂമി (സെന്റ്)
		4 സെന്റ്		

1.1.9 പൂർത്തിയാകാത്ത വീടുകൾ

നിർവ്വഹണ ഏജൻസി	സങ്കേതങ്ങളിൽ	ഒറ്റപ്പെട്ടവ	ആകെ
നിർമ്മിതി കേന്ദ്രം	–	–	–
കരാറുകാരൻ	–	–	–
ഗുണഭോക്താവ്	804	105	
ആകെ	804	105	909

1.1.10 അടിസ്ഥാന സൗകര്യങ്ങൾ

ഘടകങ്ങൾ	ആകെ വീടുകൾ	ഉപയോഗ യോഗ്യമല്ലാത്ത കക്കൂസുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ
	606	402	204

1.1.11 ശുചിത്വ സൗകര്യം

	ആകെ കുടുംബങ്ങൾ	6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്നവ	പൂർണ്ണമായും ജലക്ഷാമം നേരിടുന്നവ
കുടിവെള്ളം	886	628	258

1.1.12 സങ്കേതങ്ങളിൽ വൈദ്യുതി ലഭ്യത

ആകെ സങ്കേതങ്ങൾ	വൈദ്യുതീകരിക്കാത്തവ	തെരുവ് വിളക്കുകൾ ഇല്ലാത്തവ
968		106

1.1.13 വൈദ്യുതി ഇല്ലാത്ത വീടുകൾ

വിഭാഗം	സങ്കേതങ്ങളിൽ	ഒറ്റപ്പെട്ടവ	ആകെ
എണ്ണം	–	–	

1.1.14 തൊഴിൽരഹിതർ (15–59 വയസ്സ് പ്രായം)

പ്രായം	തൊഴിൽരഹിതർ	ശതമാനം
15–21	1258	10%
22–29	1402	14%
30–44	832	8%
45–59	460	4%
ആകെ	3952	36%

1.1.15 തൊഴിൽരഹിതരുടെ വിദ്യാഭ്യാസ നിലവാരം (15–59 വയസ്സ് പ്രായം)

നിരക്ഷരർ	നവ സാക്ഷരർ	സെക്കന്ററി	എസ്.എസ്.എൽ.സി.	+2	ബിരുദം	ബിരുദാനന്തരം	പ്രൊഫഷണൽ	ഡിപ്ലോമ/സർട്ടിഫിക്കറ്റ്	ആകെ
406	600	840	1280	302	182	126	180	42	3952

1.1.16 നിരക്ഷരുടെ പ്രായം

05-09	10-14	15-21	22-29	30-44	45-59	>60	ആകെ
38	25	18	10	26	71	208	406
							100

1.1.17 വിദ്യാഭ്യാസം ഉപേക്ഷിച്ചവർ

പ്രൈമറി	സെക്കന്ററി	ഹയർ സെക്കന്ററി	ബിരുദവും മറ്റുള്ളവയും	ആകെ
22	240	400	650	1412
				100

1.1.18 വിദ്യാർത്ഥികളുടെ താമസം

വീടുകളിൽ	ഹോസ്റ്റൽ	എം.ആർ.എസ്.	ബന്ധു വീടുകൾ	ആകെ
262	15		102	379
				100

1.1.19 ഭിന്നശേഷിക്കാരും നിത്യരോഗികളും

ഭിന്നശേഷിക്കാർ	കുടുംബങ്ങൾ	വ്യക്തികൾ
ശാരീരികം	98	392
മാനസികം	18	20
ആകെ	116	412
നിത്യരോഗികൾ	205	222

1.1.20 സാമൂഹിക പ്രശ്നങ്ങൾ

വിഭാഗം	കുടുംബങ്ങൾ	വ്യക്തികൾ
അവിവാഹിതരായ അമ്മമാർ	12	12
വിവാഹബന്ധം വേർപ്പെടുത്തിയവർ	39	47
സാമൂഹിക വിവേചനം നേരിടുന്നവർ	–	–
ആകെ	51	59

1 : പട്ടികവർഗ്ഗ വികസനം – അവസ്ഥാ വിശകലനം

ഫോറം 1.1 : അടിസ്ഥാന വിവരങ്ങൾ

1.1.1 പട്ടികജാതി ജനസംഖ്യ

വിഭാഗം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
എണ്ണം 5533	2850	2683	5533

1.1.2 പട്ടികജാതി സമുദായങ്ങൾ

ക്രമ നമ്പർ	സമുദായം (പേര്)	കുടുംബങ്ങൾ	ജനസംഖ്യ
1.	ചേരമർ	648	2938
2.	അയ്യനവർ	408	868
3.	സാംബവർ	95	418
4.	ചക്ലിയൻ	1	1
5.	പുലയർ	239	239
6	പരവർ	36	168
7	തണ്ടാർ	25	126
ആകെ	X	1452	4758

1.1.3 ജനസംഖ്യാ ഘടന – വയസ്സിന്റെ അടിസ്ഥാനത്തിൽ

വയസ്സ്	<05	6-14	15-21	22-29	30-34	45-99	>60	ആകെ
ജനസംഖ്യ	297	846	1406	950	808	806	420	5533

1.1.4പ്രത്യേക പരിഗണന അർഹിക്കുന്നവർ

വിവാഹബന്ധം വേർപ്പെട്ടവർ	വിഭാര്യൻ	വിധവ	അവിവാഹിത അമ്മമാർ	ആകെ
3	2	6	2	10

1.1.5 പട്ടികവർഗ്ഗ സമുദായങ്ങളിലെ ഉപ കുടുംബങ്ങൾ

സമുദായം	മുഖ്യ കുടുംബങ്ങൾ	ഉപ കുടുംബങ്ങൾ
–	–	–

1.1.6പ്രത്യേക പരിഗണന അർഹിക്കുന്നവർ

വിധവകൾ	വിവാഹബന്ധം നിലവിലില്ലാത്തവർ	അവിവാഹിത അമ്മമാർ	ആകെ
6	3	2	11

1.1.7 അംഗൻവാടി സൗകര്യം

ഊരുകൾ (ആകെ)	അംഗൻവാടികൾ ഇല്ലാത്ത ഊരുകൾ
5	–

1.1.8 നിരക്ഷരർ – പ്രായത്തിന്റെ അടിസ്ഥാനത്തിൽ

06–14	15–17	18–21	22–29	30–44	45–99	60–65	66–74	>75	ആകെ
					6	4	3		13
									100

1.1.9 അംഗൻവാടി വിദ്യാർത്ഥികൾ

ഊരുകൾ (ആകെ)	അംഗൻവാടികൾ ഇല്ലാത്ത ഊരുകൾ
അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	അംഗൻവാടിയിൽ ചേർന്നിട്ടില്ലാത്തവർ

1.1.10 വിദ്യാർത്ഥികളുടെ താമസം

പ്രീമെട്രിക് ഹോസ്റ്റൽ	പോസ്റ്റ് മെട്രിക് ഹോസ്റ്റൽ	മറ്റ് ഹോസ്റ്റൽ	എം.ആർ.എസ്	ബന്ധുക്കളോടൊപ്പം	തനതായ സൗകര്യം	ധർമ്മസ്ഥാപനങ്ങളില്	വീട്ടിൽ	മറ്റ് രീതിയിൽ	ആകെ
–	–	–	nil	–	7	–	–	–	7

1.1.11 പഠനം ഉപേക്ഷിച്ചവർ

പ്രൈമറി	സെക്കന്ററി	ഹയർ സെക്കന്ററി	ബിരുദം	ബിരുദാനന്തരം	സർട്ടിഫിക്കറ്റ് ഡിപ്ലോമ	എഞ്ചിനീയറിംഗ്	അലോപ്പതി	ആയുർവേദം	ഹോമിയോ	മറ്റുള്ളവ	ആകെ
–	2	3	6	5	3	2	1	–	–	2	
											100

1.1.12 **തൊഴിൽ രഹിതരുടെ വിദ്യാഭ്യാസം (15–59 പ്രായം)**

വിദ്യാഭ്യാസം	പ്രായം		ആകെ	%	
	15–29	30–44	45–59		
നിരക്ഷർ	–	ണ്ഡ	–		
നവസാക്ഷർ	ണ്ഡ	ണ്ഡ	ണ്ഡ		
പ്രൈമറി	6	10	5		
എസ്.എസ്.എൽ.സി തോറ്റവർ	2	4	6		
എസ്.എസ്.എൽ.സി തോറ്റവർ	4	10	15		
+2	8	12	3		
മറ്റുള്ളവർ					

ആകെ					
%					

1.1.13 ഭിന്നശേഷിക്കാരും നിത്യരോഗികളും

ക്രമ നമ്പർ	അവസ്ഥ	ഭിന്ന ശേഷിക്കാർ	നിത്യരോഗികൾ	ആകെ
1	ദൈനംദിന കാര്യങ്ങൾ ചെയ്യാൻ വിഷമമുള്ളവർ	–	10	
2	ദൈനംദി കാര്യങ്ങൾ പരസഹായത്താൽ മാത്രം ചെയ്യുന്നവർ			
3	കിടക്കയെ മാത്രം അവലംബമാക്കിയിട്ടുള്ളവർ			
	ആകെ			

1.1.14 വീടിന്റെ അവസ്ഥ

ജീർണ്ണിച്ച വീട്	അടുക്കള ഇല്ലാത്ത വീട്	കുടുംബത്തിലെ എല്ലാവർക്കും താമസിക്കാൻ സൗകര്യമില്ലാത്ത വീട്	പൂർത്തിയാകാത്ത വീട്	ആകെ
ദൈനംദിന കാര്യങ്ങൾ ചെയ്യാൻ വിഷമമുള്ളവർ	2	6	4	12
ദൈനംദിന കാര്യങ്ങൾ പരസഹായത്താൽ മാത്രം ചെയ്യുന്നവർ				
കിടക്കയെ മാത്രം അവലംബമാക്കിയിട്ടുള്ളവർ				

1.1.15 ഭൂരഹിത ഭവനരഹിതർ

വിഭാഗം	എണ്ണം
ഭൂരഹിത ഭവനരഹിത കുടുംബം	1
ഭവനരഹിത കുടുംബം	4

1.1.16 പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകളുടെ വീടിന്റെ അവസ്ഥ

വിഭാഗം	ഭൂരഹിത ഭവനരഹിതർ	ഭവനരഹിതർ	താമസയോഗ്യമല്ലാത്ത വീട്	ഭാഗികമായി താമസ യോഗ്യമല്ലാത്ത വീട്	ആകെ
വിധവകൾ ഗൃഹനാഥകൾ					
ഗ്ത്രീകൾ ഗൃഹനാഥകൾ					
പ്രായപൂർത്തിയായ പെൺമക്കൾ ഉള്ളത്					

ഒിവാഹ മോചിതർ, വിധവകൾ മുതലായവർ	2	2			

1.1.17 ശുചിത്വ സൗകര്യം

ആകെ വീടുകൾ	ഉപയോഗ്യമല്ലാത്ത കക്കൂസുകൾ	കക്കൂസി ഇല്ലാത്ത വീടുകൾ
37	5	5

1.1.18 കുടിവെള്ള ലഭ്യത

വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ	8
6 മാസം വരെ വെള്ളം ലഭിക്കാത്ത കുടുംബങ്ങൾ	

1.1.19 വൈദ്യുതി ലഭ്യത

വൈദ്യുതി ഇല്ലാത്ത ഊരുകൾ	വൈദ്യുതി ഇല്ലാത്ത വീടുകൾ			ആകെ	വിദ്യാർത്ഥികൾ ഉള്ള വൈദ്യുതീകരിക്കാത്ത വീടുകൾ
	വൈദ്യുതീകരിച്ച ഊരിൽ	വൈദ്യുതീകരിക്കാത്ത ഊരിൽ	ഒറ്റപ്പെട്ടത്		
	–	–	–	–	

1.1.20 കൈവശഭൂമിയുള്ള കുടുംബങ്ങൾ

<5 സെന്റ്	5–9 സെന്റ്	10–24 സെന്റ്	25–49 സെന്റ്	50–99 സെന്റ്	>100	ആകെ
10	15	6				
1						1

1.1.21 ഊരുകൾ സ്ഥിതി ചെയ്യുന്ന പ്രദേശം

പ്രദേശം	ഊരുകൾ	കുടുംബങ്ങൾ
റിസർവ് വനത്തിനുള്ളിൽ		
റിസർവനത്തിനു സമീപം		
അറ്റ് പ്രദേശങ്ങളിൽ	ചീനിവിള, വണ്ടന്നൂർ	4
ആകെ		4

ഭാഗം 1 : 1996-ലെ അവസ്ഥയും, നിലവിലെ അവസ്ഥയും

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 25 വർഷത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അവസ്ഥ പരിശോധിക്കുകയാണെങ്കിൽ ഏറെക്കുറെ മെച്ചപ്പെട്ട രീതിയിൽ ആയിട്ടുണ്ട്. മുൻകാലഘട്ടങ്ങളിൽ ഭൂരിപക്ഷം പേർക്കും സ്വന്തമായി ഭവനം ഇല്ലാത്തതും ഉള്ളവർ മിക്കപ്പോഴും ഒരു വീട്ടിൽ രണ്ടു കുടുംബം എന്ന രീതിയിൽ താമസിക്കുന്നു. എന്നാൽ ഇന്നത്തെ അവസ്ഥയിൽ ഭൂരിഭാഗം പേർക്കും സ്വന്തമായി ഭവനം ഉള്ളവരാണ്. കാർഷിക മേഖലയിൽ കൂലിപ്പണി ചെയ്തു വന്നിരുന്ന ഇവർ മറ്റു തൊഴിലുകൾ ഏർപ്പെടാൻ തുടങ്ങി വിദ്യാഭ്യാസ രംഗത്ത് വളരെയധികം പിന്നോക്കാവസ്ഥയിൽ ആയിരുന്നവർ ഇപ്പോൾ മെച്ചപ്പെട്ട രീതിയിൽ വിദ്യാഭ്യാസം നേടിക്കഴിഞ്ഞവരാണ്. കാർഷികമേഖല ചെറുകിട വ്യവസായം ഉൾപ്പടെ എല്ലാ മേഖലകളിലും ഉണ്ടായ പുരോഗതി എടുത്തു പറയത്തക്കതാണ്. കാലാകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം പദ്ധതികളിലൂടെ പാർപ്പിടരംഗത്ത് വൻ മാറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. വൃദ്ധർ, കുട്ടികൾ എന്നിവരുടെ ക്ഷേമം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, എസ്.സി കോളനികൾ കേന്ദ്രീകരിച്ച് റോഡ് നിർമ്മാണങ്ങളിലൂടെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തൽ മൃഗസംരക്ഷണം ഉൾപ്പടെ എല്ലാരംഗത്തും വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിഞ്ഞ 25 വർഷത്തെ ജനകീയാസൂത്രണ പ്രവർത്തനത്തിലൂടെ കഴിഞ്ഞു.

ഭാഗം 2 : ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2011-ലെ സെൻസസ് പ്രകാരം പട്ടികജാതി 5458, പട്ടികവർഗ്ഗം 130 ആണ് ഉള്ളത്. മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പദവി, സാമ്പത്തിക തൊഴിൽ, കോളനി സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ ഒരു ചർച്ച ആവശ്യമാണ്.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയിൽ 95% പേർക്കും സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ഇപ്പോൾ ഭൂരഹിത പദ്ധതിപ്രകാരം കുറേപേർക്ക് ഭൂമി ലഭിച്ചെങ്കിലും അതിൽ വീട് വയ്ക്കുന്നതിന് ഇന്നുവരെയും ആനുകൂല്യങ്ങൾ കിട്ടാത്തവരും ഉണ്ട്. കിട്ടിയവർ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകകൊണ്ട് പണി പൂർത്തീകരിക്കുന്നതിനും സാധിക്കുന്നില്ല.

പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ ഈ വിഭാഗത്തിലുള്ളവർ വളരെ പുറകിലായിരുന്നു. എന്നാൽ ഇപ്പോൾ പൊതുജനാരോഗ്യത്തിലും വളരെ മുൻപിലാണ് എങ്കിലും വിദ്യാഭ്യാസകാര്യത്തിൽ മുൻപത്തെക്കാൾ മുൻപന്തിയിലാണ്. കൂടുതലും ബിരുദവും ബിരുദാനന്തരബിരുദവും ഉള്ളവരാണ്. എന്നാൽ മതിയായ തൊഴിൽരഹിതരുടെ എണ്ണം വളരെ കൂടുതലാണ്. മതിയായ തൊഴിൽ പരിശീലനമോ, കോച്ചിംഗ് ക്ലാസ്സോ ഈ വിഭാഗക്കാർക്ക് ലിഭിക്കുന്നില്ല.

ഫോറം:-3

2: മുൻകാല മാതൃകാ / വിജയം കൈവരിച്ച പ്രോജക്ടുകൾ

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	നടപ്പിലാക്കിയ പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം / വർഷങ്ങൾ	എസ്.ഒ / പുതിയ	ജനറൽ / എസ്.സി.പി / റ്റി.എസ്.പി	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		പ്രതീക്ഷിച്ച യഥാർത്ഥ പ്രയോജനം	കൈവരിച്ച യഥാർത്ഥ പ്രയോജനം
							സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം		
1	11	വിവാഹധനസഹായം	2012-13	New	എസ്സ്.സ്സി.പി		390000	13	180000		അവിവാഹിതരായ പട്ടികജാതി യുവതികളുടെ വിവാഹം	അവിവാഹിതരായ പട്ടികജാതി യുവതികളുടെ വിവാഹം
2	14	വിവാഹധനസഹായം	2012-13	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	20000		20000		അവിവാഹിതരായ പട്ടികജാതി കുട്ടികളുടെ വിവാഹം	അവിവാഹിതരായ പട്ടികജാതി കുട്ടികളുടെ വിവാഹം
3	18	ഭൂമി വാങ്ങൽ(എസ്.സി.പി)	2012-13	New	എസ്സ്.സ്സി.പി		1650000	11	1350000		താമസയോഗ്യമായ ഭവനം	താമസയോഗ്യമായ ഭവനം
4	19	ഭവന പുനരുദ്ധാരണം	2012-13	New	എസ്സ്.സ്സി.പി		300000	12	250000		താമസയോഗ്യമായ ഭവനം	താമസയോഗ്യമായ ഭവനം
5	52	കളത്തുവിള സെറ്റിൽമെൻറ് കോളനി റോഡ് മെറ്റലിംഗ് ടാറിംഗ്	2012-13	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	440000		440000		കോളനി നവീകരണം	കോളനി നവീകരണം
6	53	പുതുക്കാട്ടുവിള അംബേദ്ക്കർ കോളനി റോഡ്സൈഡ് വാൾ നിർമ്മാണവും റോഡ്	2012-13	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	350000		350000		കോളനി നവീകരണം	കോളനി നവീകരണം

		കോൺക്രീറ്റ്										
7	72	മയിലാട്ടുംപാറ കോളനി റോഡ് കോൺക്രീറ്റ്	2012–13	New	എസ്സ്.സ്സി.പി		125054		109700		കോളനി നവീകരണം	കോളനി നവീകരണം
8	96	അഴകം കോളനി പൊതുകിണർ മെയിൻറനൻസ്	2012–13	New	എസ്സ്.സ്സി.പി		50000		0		കോളനി നവീകരണം	കോളനി നവീകരണം
9	143	ചെംബരി സാംസ്കാരികനിലയം അടിസ്ഥാനസൌകര്യം വിപുലീകരണം	2012–13	New	എസ്സ്.സ്സി.പി	ഭാഗീകമായി പൂർത്തീകരിച്ചു	250000		91573		സാധുക്കളായ ജനവിഭാഗത്തിന് വിവാഹം പൊലുള്ള ചടങ്ങുകള് നടത്തുന്നതിനായി	സാധുക്കളായ ജനവിഭാഗത്തിന് വിവാഹം പൊലുള്ള ചടങ്ങുകള് നടത്തുന്നതിനായി
10	43	നായ്കാട്ടുവിളാകം എസ്.സി.കോളനി റോഡ് കോൺക്രീറ്റ്	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	245000		245000		കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ	കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ
11	55	മലവിള കോളനി റോഡ് കോൺക്രീറ്റ്	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	80000		79970		കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ	കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ
12	72	ഊരുട്ടബലം പറങ്കിമാംവിള എസ്.സി.കോളനി ഇടവഴി കോൺക്രീറ്റ്	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	200000		200000		കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ	കോളനി നിവാസികൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ
13	75	വാണിയംകോട് എസ്.സി.കോളനി	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരി	175000		175000		കോളനി നിവാസികൾ	കോളനി നിവാസികൾ

		കോൺക്രീറ്റ് റോഡ് മെയിൻറെനൻസ്				ച്ചു					ക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ	ക്ക് ഗതാഗത സൗകര്യം ലഭ്യമാക്കൽ
14	149	അഴകം കോളനി പൊതുകിണർ മെയിൻറനൻസ്	2013–14	SO	എസ്സ്.സ്സി.പി		50000		49507		കുടിവെള്ള ലഭ്യത	കുടിവെള്ള ലഭ്യത
15	163	ഐ.എ .വൈ വിഹിതം ഒടുകൽ	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	380000		380000		താമസയോഗ്യമായ ഭവനം	
16	175	ഭൂമി വാങ്ങൽ(എസ്.സി.പി)	2013–14	New	ജനറൽ	ഭാഗീകമായി പൂർത്തീകരിച്ചു	1500000	10	450000			
17	206	ഭവന പുനരുദ്ധാരണം എസ്.സി	2013–14	New	എസ്സ്.സ്സി.പി	ഭാഗീകമായി പൂർത്തീകരിച്ചു	1450000	58	950000			
18	221	ഐ.എ.വൈ അധിക ധനസഹായം എസ്.സി.പി	2013–14	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	425000		425000			
19	13	ഐ.എ .വൈ വിഹിതം ഒടുകൽ (എസ്.സി.പി)	2014–15	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	480000		480000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
20	28	ആട്ട വളർത്തല് (എസ്.സി.പി)	2014–15	New	എസ്സ്.സ്സി.പി	ഭാഗീകമായി പൂർത്തീകരിച്ചു	1008000		615000			
21	34	പൈപ്പ് ലൈൻ ദീർഘിപ്പിക്കല് (എസ്.സി.പി)	2014–15	New	എസ്സ്.സ്സി.പി		1400000		1397000		കുടിവെള്ള ലഭ്യത	കുടിവെള്ള ലഭ്യത

22	115	ഭൂമി വാങ്ങൽ(എസ്.സി.പി)	2014–15	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	900000		900000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
23	116	ഭവന പുനരുദ്ധാരണം എസ്.സി	2014–15	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	500000		455000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
24	173	ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൾ (എസ്.സി.പി)	2014–15	New	എസ്സ്.സ്സി.പി		1200000		900000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
25	23	അംഗൻ വാടി അനുപൂരക പോഷകാഹാരം	2015–16	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	701710	295	701710		പോഷകാഹാരം ലഭ്യമായി	പോഷകാഹാരം ലഭ്യമായി
26	27	വിവാഹ ധനസഹായം	2015–16	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	500000	10	400000		സാധുക്കളായ അവിവാഹിതരായ പട്ടികജാതി കുട്ടികളുടെ വിവാഹം	സാധുക്കളായ അവിവാഹിതരായ പട്ടികജാതി കുട്ടികളുടെ വിവാഹം
27	28	എസ്.എസ്.എ.വിഹിതം ഒടുക്കൽ (എസ്.സി.പി)	2015–16	New	എസ്സ്.സ്സി.പി		450000		390080		വിദ്യാഭ്യാസം	വിദ്യാഭ്യാസം
28	39	പുന്നാവൂർ ലക്ഷംവീട് പുനരുദ്ധാരണം (എസ്.സി.പി.)	2015–16	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	25000		25000		ചേരി വികസനം	ചേരി വികസനം
29	40	ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൾ (എസ്.സി.പി)	2015–16	New	എസ്സ്.സ്സി.പി		1500000	10	1050000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
30	101	കിളിക്കോട്ട്കോണം കുളത്തിൻക്കര എസ്.സി കോളനി ഓ ാട	2015–16	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	200000		200000		ഗതാഗതം സുഗമമാക്കൽ	ഗതാഗതം സുഗമമാക്കൽ

		നിമിർമ്മാണം										
31	118	ഭവന പുനരുദ്ധാരണം എസ്.സി.പി.	2015–16	New	എസ്സ്.സ്സി.പി		525000		212500		വീട് വൈദ്യുതീകരണം ചേരി വികസനം	വീട് വൈദ്യുതീകരണം ചേരി വികസനം
32	138	ഭവന പുനരുദ്ധാരണം എസ്.സി.പി.	2015–16	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	337500		287500		വീട് വൈദ്യുതീകരണം ചേരി വികസനം	വീട് വൈദ്യുതീകരണം ചേരി വികസനം
33	139	ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൾ (എസ്.സി.പി)	2015–16	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	150000		150000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
34	144	ഭവന പുനരുദ്ധാരണം എസ്.സി	2015–16	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	15000		15000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
35	181	ഓട്ടോ റിക്ഷ നല്കൽ	2015–16	New	എസ്സ്.സ്സി.പി		3675000		650000		സ്വയം തൊഴിൽ കണ്ടെത്തൽ	സ്വയം തൊഴിൽ ലഭ്യമായി
36	204	ഹൌസ് കണക്ഷൻ നല്കൽ എസ്.സി,പി	2015–16	New	എസ്സ്.സ്സി.പി		48000		0		കുടിവെള്ള ലഭ്യത	കുടിവെള്ള ലഭ്യത
37	231	ഐ.എ.വൈ ഭവന പദ്ധതി	2015–16	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	640000		640000		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
38	35	എസ്.എസ്.എ വിഹിതം ഒടുക്കൽ (എസ്.സി.പി)	2016–17	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	750000		750000		വിദ്യാഭ്യാസം	വിദ്യാഭ്യാസം
	51	ഓട്ടോറിക്ഷ നൽകല്	2016–17	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	4025000		2625000		സ്വയം തൊഴിൽ കണ്ടെത്തൽ	സ്വയം തൊഴിൽ ലഭ്യമായി

39	13	അന്നപൂരക പോഷകാഹാരം (എസ്.സി)	2017–18	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	701710		701710		പോഷകാഹാരം ലഭ്യമായി	പോഷകാഹാരം ലഭ്യമായി
40	17	എസ്.എസ്.എ വിഹിതം ഒടുക്കൽ (എസ്.സി.പി)	2017–18	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	474581		474581		വിദ്യാഭ്യാസം	വിദ്യാഭ്യാസം
41	216	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ	2017–18	New	എസ്സ്.സ്സി.പി		500000		0		വിദ്യാഭ്യാസം	വിദ്യാഭ്യാസം
42	221	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ	2017–18	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	1033227		1033227		വിദ്യാഭ്യാസം	വിദ്യാഭ്യാസം
43	40	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ	2018–19	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	1260000		1134000		വിദ്യാഭ്യാസം	വിദ്യാഭ്യാസം
44	123	കിണർ റീചാർജ്ജിംഗ് (എസ്.സി)	2018–19	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	400000	50	24000		കുടിവെള്ള ലഭ്യത	കുടിവെള്ള ലഭ്യത
45	126	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ	2018–19	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	315000		225351		വിദ്യാഭ്യാസം	വിദ്യാഭ്യാസം
46	213	പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങല്	2018–19	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	500000		432000		വിദ്യാഭ്യാസം	വിദ്യാഭ്യാസം
47	214	ഭവന പുനരുദ്ധാരണം (എസ്.സി.പി)	2018–19	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	300000		298080		താമസ യോഗ്യമായ വീട്	താമസ യോഗ്യമായ വീട്
48	42	പട്ടികജാതി	2019–20	New	എസ്സ്.സ്സി.പി		315000	63	0		വിദ്യാഭ്യാസം	വിദ്യാഭ്യാസം

		വിദ്യാർത്ഥികൾക്ക് മേശ,കസേര വാങ്ങൽ										
49	48	പശുവളർത്തല് പദ്ധതി (എസ്.സി.പി)	2019–20	New	എസ്സ്.സ്സി.പി		1155000	21	27500		മൃഗസംരക്ഷണം	മൃഗസംരക്ഷണം
50	118	പാഥേയം (എസ്.സി.പി)	2019–20	New	എസ്സ്.സ്സി.പി		288000	20	115200		അഗതികൾക്കുള്ള ഭക്ഷണം	അഗതികൾക്കുള്ള ഭക്ഷണം
51	4	എസ് എസ് എ വിഹിതം ഒടുക്കൽ (എസ്സിപി)	2020–21	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	600000		600000		വിദ്യാഭ്യാസം	വിദ്യാഭ്യാസം

ഫോറം 4

3: പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത മുൻകാല പ്രോജക്ടുകൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് – മാറനല്ലൂർ
വർക്കിംഗ് ഗ്രൂപ്പിന്റെ പേര് – പട്ടികജാതി വികസനം

ക്രമനം	മേഖല/ ഉപമേഖല	പ്രോജക്ടിന്റെ പേര്	GEN / SCSP/TSP	ചെലവഴിച്ചതുക	പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക ലക്ഷ്യം)	ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാത്തതിനുള്ള കാരണങ്ങൾ / നിഗമനങ്ങൾ	കൂടുതൽ പ്രയോജനകരമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ

ഫോറം 5

4: 2025–26 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് – മാറനല്ലൂർ
വർക്കിംഗ് ഗ്രൂപ്പിന്റെ പേര് – പട്ടികജാതി വികസനം

Project No	Project Name Mal	Project Type	Project Category	Sector Type	State Sponsored Scheme	FundTotal	Expenditure	Status
4	എസ് എസ് എ വിഹിതം ഒടുക്കൽ എസ്സി	New	എസ്സ്.സ്സി.പി	സേവനം	Nil	1435820	600000	Ongoing
20	പാഥേയം എസ്സി	New	എസ്സ്.സ്സി.പി	സേവനം	Nil	103680	0	Ongoing
22	മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ എസ് സി	New	എസ്സ്.സ്സി.പി	സേവനം	Nil	1200000	0	Ongoing

32	അന്നപൂരക പോഷകാഹാരം എസ് സി പി	New	എസ്സ്.സ്സി.പി	സേവനം	Nil	301900	69580	Ongoing
42	വീട് വാസയോഗ്യമാക്കൽ എസ് സി	New	എസ്സ്.സ്സി.പി	സേവനം	Nil	2100000	1050000	Ongoing
45	ലൈഫ് 2020 ഭവന നിർമ്മാണം എസ് സി പി	New	എസ്സ്.സ്സി.പി	സേവനം	ലൈഫ്മിഷന്	800000	540000	Ongoing
46	ലൈഫ് ഭവന പദ്ധതി എസ് സി	New	എസ്സ്.സ്സി.പി	സേവനം	ലൈഫ്മിഷന്	2000000	980000	Ongoing
50	വീട് വാസയോഗ്യമാക്കൽ എസ് സി	New	എസ്സ്.സ്സി.പി	സേവനം	Nil	1000000	800000	Ongoing
55	മാവറത്തലയ്ക്കൽ റോഡ് കോൺക്രീറ്റ് വാർഡ് 4	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	600000	380797	Ongoing
56	കുവക്കോണം പാറവിള റോഡ് കോൺക്രീറ്റ് വാർഡ് 4	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	466185	0	Ongoing
113	മലവിള അരുവിക്കര ചാനൽബണ്ട് റോഡ് കോൺക്രീറ്റ്	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	508327	508327	Completed
116	എസ്സി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം	New	എസ്സ്.സ്സി.പി	സേവനം	Nil	200000	0	Ongoing

117	വൃദ്ധർക്ക് കട്ടിൽ- എസ് സി	New	എസ്സ്.സ്സി.പി	സേവനം	Nil	913500	216500	Ongoing
121	വാണിയാംകോട് നടപ്പാത പുനഃരുദ്ധാരണം	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	250000	245071	Completed
122	പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണി	New	എസ്സ്.സ്സി.പി	സേവനം	Nil	630000	280500	Ongoing
123	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ	New	എസ്സ്.സ്സി.പി	സേവനം	Nil	819000	0	Ongoing
125	വാണിയാംകോട് എസ് സി റോഡ് റീകോൺക്രീറ്റ് വാർഡ് 19	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	500000	0	Ongoing
132	ഏലായ് വിളാകം ചെഞ്ചേരി മച്ചംവിളാകം റോഡ് കോൺക്രീറ്റ്	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	1500000	0	Ongoing
209	സ്ട്രീറ്റ് ലൈൻ നീട്ടൽ എസ് സി	SO	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	200000	0	Ongoing
224	വീട് വാസയോഗ്യമാക്കൽ എസ് സി	SO	എസ്സ്.സ്സി.പി	സേവനം	Nil	700000	700000	Completed
236	തേവരക്കോട് റോഡ് റീടാറിങ് ഇടവഴി കോൺക്രീറ്റിംഗ് വാർഡ് 15	SO	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	503630	503630	Completed
257	കഴിവിള -കാട്ടുവിള എസ് സി കോളനി റോഡ് കലുങ്ക് നിർമ്മാണം വാർഡ് 2	SO	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	472780	470887	Completed
312	43-ാം നമ്പർ അംഗൻവാടി	New	എസ്സ്.സ്സി.പി	സേവനം	Nil	300000	299829	Completed

	ചുറ്റുമതിൽ നിർമ്മാണം							
313	കണ്ടല എസ്സി കോളനി നടപ്പാത ഇൻറർലോക്ക്	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	400000	399510	Completed
314	ലൈഫ് 2020 വസ്തു വാങ്ങൽ എസ് സി	New	എസ്സ്.സ്സി.പി	സേവനം	ലൈഫ്മിഷന്	675000	225000	Ongoing
323	റാക്കണ്ട വിളാകം റോഡ് കോൺക്രീറ്റിംഗ്	SO	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	200000	200000	Completed
324	കുവക്കോണം റോഡ് പൂർത്തീകരണം	SO	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	500000	0	Ongoing
378	റാക്കണ്ട വിളാകം റോഡ് കോൺക്രീറ്റ് സെക്കൻറ് ഫേസ്	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	91673	0	Ongoing
395	മലവിള അരുവിക്കര ചാനൽ ബണ്ട് റോഡ് കോൺക്രീറ്റ്	New	എസ്സ്.സ്സി.പി	പശ്ചാത്തലം	Nil	431915	0	Ongoing

4: 2025–26 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് – മാറനല്ലൂർ
വർക്കിംഗ് ഗ്രൂപ്പിന്റെ പേര് – പട്ടികവർഗ്ഗ വികസനം

Project No	Project Name Mal	Project Type	Project Category	Fund Description	FundTotal	Expenditure	Statu
183	മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ എസ് റ്റി	New	റ്റി.എസ്സ്.പി	Development Fund(T.S.P) - 328674	328674	0	Ongoing

ഭാഗം 3 – വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാര സാദ്ധ്യതകൾ

ഫോറം 6

5: പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

ക്രമനം	പ്രശ്നങ്ങൾ	പ്രശ്നബാധ്യത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (* ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം			
			ലഘുതരം	ഗുരുതരം	അതീവ ഗുരുതരം		തദ്ദേശഭരണ സ്ഥാപനത്തിൽ	ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ	സർക്കാർ തലത്തിൽ	സർക്കാരിതര തലത്തിൽ
1.	താമസയോഗ്യമല്ലാത്ത വീട് ഇല്ലാത്തത്	കോളനികൾ മറ്റ് പ്രദേശങ്ങൾ		*		സാമ്പത്തികം	വീട് ലഭ്യമാക്കുക, ഭവനം നിർമ്മിക്കുന്നതിന് വസ്തു വാങ്ങൽ ഭവന പുനരുദ്ധാരണം			
2	വിദ്യാഭ്യാസത്തിന് അനുസരിച്ചുള്ള തൊഴിൽ ലഭ്യമല്ലാത്തവർ	സങ്കേതങ്ങൾ		*		തൊഴിലില്ലായ്മ	തൊഴിൽ പരിശീലനം നൽകൽ, സ്വയം തൊഴിൽ നൽകൽ			
3	വിദ്യാഭ്യാസം	കോളനികൾ സംങ്കേതങ്ങൾ		*		സാമ്പത്തികം	പഠനോപകരണങ്ങൾ നൽകൽ			
4	കുടിവെള്ളത്തിന്റെ അപര്യാപ്തത	കോളനികൾ സംങ്കേതങ്ങൾ		*		ജലലഭ്യത കുറവ്	കിണർ നിർമ്മാണം, കോളനികളിൽ പൈപ്പ് ലൈൻ നീട്ടി കണക്ഷൻ ലഭ്യമാക്കുക			
5	വയോജന ക്ഷേമം	കോളനികൾ സംങ്കേതങ്ങൾ		*			വയോജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ നൽകൽ			

ക്രമ	പരിപ്രേക്ഷ്യം (വികസന സ്വപ്നങ്ങൾ)	സൂചിക	ഇപ്പോഴത്തെ അവസ്ഥ	കൈവരിക്കേണ്ട

നമ്പർ				ദീർഘകാല ലക്ഷ്യം
1	എല്ലാവർക്കും ഭൂമിയും വീടും	വീടില്ലാത്തവർ	75	100
2	കുടിവെള്ളം ലഭ്യമാക്കുക	കിണർ നിർമ്മാണം	50	100
3	കോളനിയ്ക്കുള്ളിൽ ഗതാഗത സൗകര്യം	ാറാാഡുകൾ നടപ്പാതകൾ പുനരുദ്ധാരണം	50	100
4	കോളനികളിലും സങ്കേതങ്ങളിലും തെരുവ് വിളക്ക്	തെരുവ് വിളക്ക് ലൈൻ നീട്ടി ലൈറ്റ് സ്ഥാപിക്കൽ	50	100
5	വിദ്യാർത്ഥികൾക്ക് പഠന സഹായം	കമ്പ്യൂട്ടർ ലഭ്യമാക്കൽ, പഠനോപകരണങ്ങൾ ലഭ്യമാക്കൽ, സൈക്കിൾ	50	100
6	സ്വയം തൊഴിൽ	ഒരുമാനം മെച്ചപ്പെടുത്തൽ	40	100

ഫോറം:-7

ഭാഗം 4 – വികസന പരിപ്രേക്ഷ്യ

ക്രമനം	മേഖല / ഉപമേഖല	പരിപ്രേക്ഷ്യം	സൂചിക	ഇപ്പോഴത്തെ അവസ്ഥ	ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം)	പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം	പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും
1	പാർപ്പിടം	ലൈഫ് ഭവന പദ്ധതി	എല്ലാവർക്കും ഭവനം	അപര്യാപ്തത	എല്ലാവർക്കും പാർപ്പിടം	50 പേർക്ക് ഭവനം	ബ്ലോക്ക്/ ജില്ലാ /സംസ്ഥാന പദ്ധതികളുമായി സഹകരിച്ച്എല്ലാവർക്കും പാർപ്പിടം
2	സേവനം	സാമ്പത്തിക സ്വയം പര്യാപ്തത	സ്വയം തൊഴിൽ സംരംഭങ്ങൾ	അപര്യാപ്തത	സാമ്പത്തിക സ്വയം പര്യാപ്തത	20 പുതിയ തൊഴിൽ സംരംഭങ്ങൾ	സബ്സിഡി ലഭ്യമാക്കൽ

ഭാഗം 5 – സംയോജന സാദ്ധ്യതകൾ

1. എല്ലാവർക്കും പാർപ്പിടം, അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതി, ശുദ്ധമായ കുടിവെള്ളം എന്നിങ്ങനെ ദാരിദ്ര്യ ലഘൂകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ പൂർത്തിയാക്കുന്നതിന് പഞ്ചായത്തിന്റെ ഒറ്റക്കുള്ള ശ്രമങ്ങൾ കൊണ്ടു സാധിക്കില്ല. ആയതിനാൽ കൂട്ടായ ശ്രമങ്ങൾ ഈ മേഘലയിൽ ആവശ്യമാണ്.
2. വിവിധ പാർപ്പിട പദ്ധതികൾക്ക് ജില്ലാ, ബ്ലോക്ക്, സംസ്ഥാന വിഹിതങ്ങൾ സംയോജിപ്പിക്കാവുന്നതാണ്.
3. എല്ലാവർക്കും വൃത്തിയുള്ള ടോയ്ലറ്റുകൾ ശുചിത്വമിഷന് ഫണ്ട് സംയോജിപ്പിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി വഴി നടപ്പിലാക്കാവുന്നതാണ്.
4. ആശ്രയ പദ്ധതി ജില്ലാ വിഹിതം ലഭ്യമാക്കാവുന്നതാണ്
5. അഗതിരഹിതകേരളം ജില്ലാ, ബ്ലോക്ക് സംസ്ഥാന വിഹിതങ്ങൾ സംയോജിപ്പിക്കാവുന്നതാണ്.

വനിതാവികസനം

ഉള്ളടക്കം

ക്രമ നമ്പർ	വിശദാംശങ്ങൾ
1	ആമുഖം
2	ആസൂത്രണ സമിതി വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ
3	ഭാഗം 1 –1996–ലെ അവസ്ഥയും നിലവിലെ അവസ്ഥയും
4	ഭാഗം 2 – ഇരുപത്തഞ്ച് വർഷത്തെ വിലയിരുത്തൽ
5	ഭാഗം 3 – വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാര സാദ്ധ്യതകൾ
5	ഭാഗം 4 – വികസന പരിപ്രേക്ഷ്യം
6	ഭാഗം 5 – സംയോജന സാദ്ധ്യതകൾ

ആമുഖം

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. പൊതുരംഗത്ത് കടന്നുവരാൻ സ്ത്രീകൾ മടിച്ച് നിന്ന കാലത്തുനിന്ന് ജനകീയാസൂത്രണവും കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയും തദ്ദേശസ്ഥാപനതല തെരഞ്ഞെടുപ്പിലേക്കുള്ള 50 ശതമാനം വനിത സംവരണവുമെല്ലാം സ്ത്രീകൾക്ക് പൊതുധാരയിലേക്ക് കടന്നു വരാൻ സാഹചര്യവും ആവേശവും വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 90 ശതമാനത്തിലധികം സ്ത്രീകളാണ് പണി എടുക്കുന്നത്. പശുവളർത്തൽ, ആട് വളർത്തൽ, കാർഷിക മേഖലയിലെ വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കുക വഴി സ്ത്രീകൾക്ക് സ്ഥായിയായ വരുമാനം ഉണ്ടാക്കുന്നതിനു കഴിഞ്ഞു. സ്ത്രീകൾ അഭിമാനാർഹമായ അനവധി നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ടെങ്കിലും കുടുംബത്തിലും സമൂഹത്തിലുമായി ഇന്ന് അഭിമുഖികരിക്കുന്ന സുരക്ഷിതത്വമില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്.

അംഗൻവാടികളിലൂടെ നടപ്പിലാക്കുന്ന പൂരക പോഷകാഹാര പരിപാടി കുട്ടികൾക്ക് മാത്രമല്ല ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായമായ പെൺകുട്ടികൾക്കും വളരെയധികം ഗുണകരമാകുന്ന ഒന്നാണ്. അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തുടർന്നും ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

1. ആസൂത്രണസമിതി , വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് 04.02.2026-ലെ 1(1) നമ്പർ തീരുമാന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ താഴെ പറയുന്നു.



പതിനാലാം പഞ്ചവത്സരപദ്ധതി (2022–27)

ഭരണസമിതി അംഗീകരിച്ച ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : മാറനല്ലൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി തീരുമാന നമ്പരും തീയതിയും : 1 (1), 04.02.2026

ക്രമനം	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപ്പെടുന്ന വിഭാഗം	സ്ത്രീ/പുരുഷൻ	എസ്.സി/എസ്.റ്റി/മറ്റുള്ളവ	വൈദഗദ്ധ്യം/പരിചയ മേഖല	തൊഴിൽ
1	കുമാരി മായ പി. എസ്, പ്രസിഡന്റ് മാറനല്ലൂർ ഗ്രാമപഞ്ചായത്ത്	9048942240	അദ്ധ്യക്ഷൻ	തദ്ദേശസ്വയംഭരണ അദ്ധ്യക്ഷൻ	സ്ത്രീ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
2	മുരളീധരൻ നായർ.പി പ്രവീൺ നിവാസ് ഉണ്ണിയാംവിളാകം ,കരിങ്ങൽ കണ്ടല പി ഒ	9495038710	ഉപാദ്ധ്യക്ഷൻ	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
3	മണികണ്ഠൻ നായർ കെ ശിവം, തേവരക്കോട്, വേട്ടമംഗലം റസ്സൽപുരം പി ഒ	9495121318	അംഗം	വൈസ് പ്രസിഡന്റ്	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
4	അജി റ്റി കൃപ സദനം, കാവിൻപുറം, കൂവളശ്ശേരി പി ഒ	9947397964	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം

5	ഷീബമോൾ വി വി കോണത്തു വടക്കേക്കര വീട്, വണ്ടന്നൂർ, പെരുമ്പഴുതൂർ പി ഒ	9633541445	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
6	എസ് ശോഭന തങ്കച്ചി ശാസ്താംകോണം റോഡരികത്ത് വീട്, അരുവിക്കര, കൂവളശ്ശേരി പി ഒ	9656384560	അംഗം	സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ	സ്ത്രീ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
7	പി. എസ് പ്രഷീദ്	9446901788	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
8	രജിത്ത് ബാലകൃഷ്ണൻ	9744800026	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
9	വിജയൻ ഊരൂട്ടമ്പലം	9745686845	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
10	രതീഷ് ചെങ്കല്ലൂർ	9567739302	അംഗം	സന്നദ്ധ പ്രവർത്തകൻ	പുരുഷൻ	മറ്റുള്ളവ	പൊതു പ്രവർത്തനം	ജനസേവനം
11	സെക്രട്ടറി മാറനല്ലൂർ ഗ്രാമപഞ്ചായത്ത്	9496040651	കൺവീനർ	സെക്രട്ടറി	പുരുഷൻ	മറ്റുള്ളവ	സർക്കാർ ജീവനം	സർക്കാർ ജീവനം

ഫോറം: 2

പതിനാലാം പഞ്ചവത്സരപദ്ധതി (2022-27)

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

വർക്കിംഗ് ഗ്രൂപ്പിന്റെ പേര് : സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

ക്രമ നം	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	സ്ത്രീ/ പുരുഷൻ	നിലവിൽ വർക്കിംഗ് ഗ്രൂപ്പ് അംഗമാണോ	വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം	വൈദഗദ്ധ്യം/ പരിചയ മേഖല
1	രഞ്ജിത ജി ആർ കാർത്തിക, കോട്ടമുകൾ, കൂവളശ്ശേരി പി ഒ	8129058770	സ്ത്രീ	അതെ	ചെയർപേഴ്സൺ	പഞ്ചായത്ത് മെമ്പർ
2	ശോഭനചന്ദ്രൻ അനുഭവൻ, കൊറ്റംപള്ളി, കണ്ടല പി.ഒ	9846185127	സ്ത്രീ	അതെ	വൈസ് ചെയർപേഴ്സൺ	പൊതുപ്രവർത്തനം
3	അനിതകുമാരി പി,അംഗൻവാടി വർക്കർ,മൂലക്കോണം	8893680282	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ

4	കൃഷ്ണകുമാരി, അംഗൻവാടി വർക്കർ	9562015418	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
5	സ്വപ്ന എസ്,അംഗൻവാടി വർക്കർ, വെള്ളൂർക്കോണം	8137950977	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
6	ഷീജ എസ് എസ്,അംഗൻവാടി വർക്കർ,ചിറത്തലയ്ക്കൽ	9072324484	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
7	സുജാ സാബു, പരുമുറ്റത്ത് വീട് കൂവളശ്ശേരി പി.ഒ	9747262711	സ്ത്രീ	അതെ	അംഗം	ജനസേവനം
8	ശ്രീദേവി ശങ്കർ നിലയം വടക്കേവിള 9947854953	8086312919	സ്ത്രീ	അതെ	അംഗം	ജനസേവനം
9	ശ്യാമള.എ, ഡി.എസ്.ഭവൻ കുക്കുറുണ്ണി, വണ്ടന്നൂർ, പെരുമ്പഴുതൂർ പി.ഒ	9496405510	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
10	ആശ.എം.പി, അനിൽ ഭവൻ, അരുവിക്കര കൂവളശ്ശേരി പി.ഒ	9048147478	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
11	സുനിത.ജെ.എസ്, പ്ലാവിള വീട്, കീളിയോട്, പെരുമ്പഴുതൂർ പി.ഒ	9995037545	സ്ത്രീ	അതെ	അംഗം	അംഗൻവാടി വർക്കർ
12	ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മാറനല്ലൂർ	9496102382	സ്ത്രീ	അതെ	കൺവീനർ	സർക്കാർ ജീവനം

1: വനിതാ വികസനം – അവസ്ഥാ വിശകലനം

ഫോറം1.1 : അടിസ്ഥാന വിവരങ്ങൾ

1.1.7 ജനസംഖ്യ

വിഭാഗം	ആകെ	സ്ത്രീ	പുരുഷൻ	സ്ത്രീ – പുരുഷ അനുപാതം
പട്ടികജാതി	3296	1678	1618	
പട്ടികവർഗ്ഗം	59	30	29	
മറ്റുള്ളവർ	13668	9770	7198	

1.1.8 സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ : 530 (എണ്ണം)

1.1.9 നിരാലംബർ

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	വിധവകൾ	1010
2	ഭർത്താവ്/മക്കൾ ഉപേക്ഷിക്കപ്പെട്ടവർ	82
3	അവിവാഹിതരായ അമ്മമാർ	10
4	ജയിൽ മോചിതർ	–
5	ഗുരുതര രോഗബാധിതർ	56

1.1.10 ഉദ്യോഗസ്ഥകളായ സ്ത്രീകൾ

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	സർക്കാർ സ്ഥാപനം	539
2	സർക്കാർ ഇതര സ്ഥാപനം	416
3	അസംഘടിത മേഖല	2468
	ആകെ	3423

1.1.11 സ്ത്രീകൾക്ക് അടിസ്ഥാന സൗകര്യം ഇല്ലാത്ത സ്ഥാപനങ്ങൾ

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	സർക്കാർ സ്ഥാപനം	–
2	സർക്കാർ ഇതര സ്ഥാപനം	–
	ആകെ	–

1.1.12 ജാഗ്രത സമിതി – പരാതികൾ

ക്രമ നമ്പർ	വിഭാഗം	എണ്ണം
1	പരിഹരിച്ചത്	19
2	പരിഹരിക്കാനുള്ളത്	–
3	പരിഹരിക്കാൻ കഴിയാത്തത്	–

1.1.13 സ്ത്രീകൾക്ക് ഒറ്റയ്ക്ക് യാത്ര ചെയ്യുവാൻ സുരക്ഷിതമല്ലാത്ത സ്ഥലങ്ങൾ – Nil

ഭാഗം 1 –1996–ലെ അവസ്ഥയും നിലവിലെ അവസ്ഥയും

ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് സ്ത്രീ അനുഭവിക്കുന്നത്. വർഗ്ഗപരവും സാമൂഹ്യവുമായ രൂക്ഷമായ അടിച്ചമർത്തൽ അനുഭവിക്കുന്ന സ്ത്രീകളുടെ ജീവിതം നവഉദാരവൽക്കരണത്തിലൂടെ കൂടുതൽ യാതനാ പൂർണ്ണമായിരിക്കുന്നു. ദാരിദ്ര്യത്തിന്റെയും തൊഴിലിന്റെയും സ്ത്രൈണ വൽക്കരണം ഗുരുതരമായ സാമൂഹ്യ വികസന പദ്ധതിക്ക് തടസ്സം സൃഷ്ടിക്കുന്നു. ലിംഗനീതി ഒരു വികസന പ്രശ്നമായി കണക്കാക്കിയാൽ മാത്രമേ വികസനം അർത്ഥ പൂർണ്ണമാകുകയുള്ളൂ. അധികാരസ്ഥാനങ്ങളിലെ സ്ത്രീ പങ്കാളിത്തം മുൻ വർഷങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ലിംഗനീതി ഉറപ്പാക്കുന്നുണ്ടോയെന്നത് ചോദ്യചിഹ്നമായി തുടരുന്നു. ജന്റർ ബജറ്റ് ആശയങ്ങൾ ഇനിയും പ്രസിദ്ധിയാർജ്ജിക്കേണ്ടതായുണ്ട്.

മാതൃമരണനിരക്ക്, ശിശുമരണനിരക്ക്, ലിംഗാനുപാതം തുടങ്ങിയവയിലൊക്കെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ലിംഗനീതി ഉറപ്പുവരുത്തുന്നതിന് മേൽ സൂചിപ്പിച്ച അഭിമാനാർഹമായ കണക്കുകൾ സഹായിച്ചിട്ടില്ലായെന്നുള്ളതാണ് വൈരുദ്ധ്യം. കേരളത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് 75–80% പെൺകുട്ടികളാണ് പഠിക്കുന്നത്. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 22% മാത്രമാണ്. സ്വയം തൊഴിലിലൂടെ വരുമാനം ഉണ്ടാക്കുന്ന സ്ത്രീകൾ 5% മാത്രമാണ്. ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം തുടങ്ങിയ സാമൂഹ്യാവകാശം സംബന്ധിച്ച് പുതിയ പ്രതിസന്ധികളാണ് സ്ത്രീ സമൂഹം അഭിമുഖീകരിക്കുന്നത്. 80% പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടെങ്കിലും ഇവർ പിന്നീട് എങ്ങോട്ടു പോകുന്നുവെന്ന് പരിശോധിക്കുമ്പോൾ മങ്ങിയ ചിത്രങ്ങളാണ് കാണാനാവുക. ബിരുദം നേടുന്ന പെൺകുട്ടികൾ തൊഴിൽ പ്രാപ്തി നേടുന്നില്ല. ജീവിതത്തെ സധൈര്യം നേരിടുന്നതിനുള്ള ത്രാണിയും ഉണ്ടാകുന്നില്ല. സ്ത്രീകളുടെ മാനസികാരോഗ്യത്തിലും ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ശരിയായ ലൈംഗിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ ആൺ–പെൺ വ്യത്യാസമില്ലാതെ നൽകണം.

സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ നേട്ടങ്ങൾ തിരിച്ചറിയുന്നതിനും സ്ത്രീ സമത്വത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ലിംഗപരമായ തുല്യതയ്ക്കുള്ള പോരാട്ടങ്ങൾക്ക്

ഊർജ്ജം പകരാനുമായി നിരവധി നിയമങ്ങളും അവബോധ ക്ലാസ്സുകളും നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. വർത്തമാനകാലത്തിൽ സ്ത്രീകളുടെ സൂചനകളാണ് സ്ത്രീകളും പെൺകുട്ടികളും അവരുടെ ജീവിതത്തിൽ ഉടനീളം അനുഭവിക്കുന്ന വ്യത്യസ്ത രൂപങ്ങളിലുള്ള അതിക്രമങ്ങൾ വീടിനുള്ളിൽ, തൊഴിലിടങ്ങളിൽ, പൊതുസ്ഥലങ്ങളിൽ അവർ ആക്രമിക്കപ്പെടുന്നു.

കുടുംബത്തിനുള്ളിൽ സ്ത്രീ ചെയ്യുന്ന തൊഴിൽ നയരൂപീകരണ ചർച്ചകളിൽ പോലും കടന്നുവരുന്നില്ല. വീടിന് പുറത്ത് വരുമാനമുള്ള തൊഴിലെടുക്കുന്ന സ്ത്രീയെ സംബന്ധിച്ചിടത്തോളം അധ്വാനം ഇരട്ടിയാകുന്നു. 'സധൈര്യം മുന്നോട്ട്' 'പൊതുയിടം എന്റേതും' തുടങ്ങിയ ക്യാമ്പയ്നുകൾ വനിതാ-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുമ്പോഴും അരക്ഷിതമായ പൊതുഗതാഗത സൗകര്യം പ്രയോജനപ്പെടുത്തുന്ന സ്ത്രീകൾ പലരൂപത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നു. പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ. കൂടാതെ പൊതു ടോയ്ലറ്റുകളുടെയും ഷോർട്ട് സ്റ്റേഹോമുകളുടെയും അഭാവം സ്ത്രീകളുടെ യാത്രകൾ ദുഷ്കരമാക്കുന്നു.

മേലെ പറഞ്ഞ വിഷയങ്ങളിൽ ശക്തമായ ഇടപെടലുകൾ പ്രാദേശിക സർക്കാർ നടത്തുന്നുണ്ട്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും സാംസ്കാരിക ഉന്നമനത്തിനുമായുള്ള വിവിധ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. അതൊടോപ്പം 'കുടുംബങ്ങളിലെ ജനാധിപത്യം' നടപ്പിലാക്കേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്കുള്ള പ്രത്യേക തൊഴിൽ സംരംഭക പരിപാടിയുടെ കീഴിൽ പല യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും നേരിട്ടു തൊഴിൽ സ്ഥാപനങ്ങൾ നടത്തുന്ന വനിതകളും സ്വയം വരുമാനമുണ്ടാക്കുന്ന സ്ത്രീകളും കുറവാണ്. എന്നാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ആനുപാതികമായ വർദ്ധനവ് ഉണ്ട് എന്നു തന്നെ പറയാം.

കഴിഞ്ഞ രണ്ടുവർഷങ്ങളിലായി നവയുഗ മാദ്ധ്യമങ്ങളിലൂടെ സ്ത്രീ ശാക്തീകരണം നടത്തി, അവബോധ ക്ലാസ്സുകളിലൂടെ ശാരീരിക, മാനസിക നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതു തന്നെയാണ്. മികച്ച കൗൺസിലിംഗ് സേവനങ്ങൾ പഞ്ചായത്ത് വഴി നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

ഭാഗം 2 – ഇരുപത്തിയഞ്ച് വർഷത്തെ വിലയിരുത്തൽ

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ വനിതാശിശു വികസന വകുപ്പ് 2021–ൽ അങ്കണവാടികൾ വഴി നടത്തിയ സർവ്വേ പ്രകാരം ആകെ ജനസംഖ്യ 37192 ആണ്. ഇവരിൽ 18845 പേർ സ്ത്രീകളാണ്. ഈ സ്ഥിതി വിവരക്കണക്കിൽ നിന്നും പഞ്ചായത്തിൽ ജനസംഖ്യാനുപാത്രികമായി സ്ത്രീകളാണ് കൂടുതൽ എന്നു കാണാം.

